DESPATCHED
On..16/5/22..

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 216(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 3940/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

തീയതി : 2022 മേയ് 11

ശ്രീ. കെ.പി. ഏലിയാസ്,
കൈനിലത്തിൽ ഹൗസ്,
രണ്ടാർ പി.ഒ.,
മുവാറ്റുപുഴ – 686 673. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി രജിസ്ട്രാർ,
സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ
(ജനറൽ) ന്റെ കാര്യാലയം, കാക്കനാട്,
എറണാകുളം

2) അപ്പീൽ അധികാരി &
ജോയിന്റ് രജിസ്ട്രാർ (ജനറൽ),
സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ
(ജനറൽ) ന്റെ കാര്യാലയം, കാക്കനാട്,
എറണാകുളം } എതിർകക്ഷികൾ

| | | |
|---|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | | 22/03/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | | 16/06/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | | 12/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | | 01/12/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | | 25/02/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | | 03/03/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | | 11/03/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | | 01/04/2022 |
| ഹിയറിംഗ് നടന്ന തീയതി | | 10/05/2022 -വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം | അപ്പീൽ ഹർജിക്കാരൻ: | ഹാജരായി |
| | എതിർകക്ഷികൾ | ഹാജരായി |

## ഉത്തരവ്

ശ്രീ. കെ.പി. ഏലിയാസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ 22.3.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്കും തെറ്റായ

മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും ആയതിനാൽ ടി അപേക്ഷയ്ക്ക് ശരിയായ വിവരം ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും ബോധപൂർവ്വം തെറ്റായ വിവരങ്ങൾ നൽകിയ ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 22.3.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ടിയാൻ വിവരാവകാശ നിയമപ്രകാരം 31.7.2015-ന് ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ സമർപ്പിച്ച അപേക്ഷയിൽ പരാമർശിച്ച 21.4.2014 തീയതിയായി ബഹു. സഹകരണ വകുപ്പ് മന്ത്രിക്ക് നൽകിയ പരാതിയും 22.4.2016 തീയതി സഹകരണ രജിസ്ട്രാർക്ക് സമർപ്പിച്ച പരാതിയും സേവ് സൊസൈറ്റി ഫോറത്തിന് സമർപ്പിച്ച പരാതിയും, റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘം എം.ഡി. ആയിരുന്ന ശ്രീ.എ.വി. ജയിംസനെതിരെയുള്ള 29.1.2015-ലെ അന്വേഷണ റിപ്പോർട്ടും, അന്വേഷണത്തിനായി മൂവാറ്റുപുഴ സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ നൽകിയത് ഏതൊക്കെ തീയതിയിലാണ് ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ്, ഇത് അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിൽ കൈപ്പറ്റിയതിന്റെ രേഖകളുടെ പകർപ്പ് എന്നിവ നൽകണമെന്നും ഇതുമായി ബന്ധപ്പെട്ട ഫയലുകൾ നേരിട്ട് പരിശോധിക്കാൻ അവസരം നൽകണമെന്നും മറ്റുമായി 3 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 16.06.2021 തീയതി ഒന്നാം എതിർകക്ഷി ഖണ്ഡിക തിരിച്ചുള്ള മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയിൽ ആക്ഷേപം ഉന്നയിച്ച് ഹർജിക്കാരൻ 12.07.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് 01.12.2021 തീയതി നൽകിയ മറുപടിയിൽ രണ്ടാം എതിർകക്ഷി അറിയിച്ചത്, വിവരാവകാശ അപ്പീൽ അപേക്ഷയിൽ ടിയാൻ സൂചിപ്പിച്ചിട്ടുള്ള പരാതിയുമായി ബന്ധപ്പെട്ട ഫയലുകൾ മൂവാറ്റുപുഴ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ആഫീസിലെ ഇൻവേർഡ് രജിസ്റ്റർ പരിശോധിച്ചതിൽ കാണുവാൻ സാധിച്ചില്ല എന്ന് 08.11.2021 തീയതി മൂവാറ്റുപുഴ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 26.03.2022 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. കെ.പി.ഏലിയാസ് എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന മൂവാറ്റുപുഴ റബ്ബർ മാർക്കറ്റിംഗ് സംഘത്തിനെതിരെ പരാതികൾ നൽകിയിട്ടുള്ളതും, ആയത് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ടി ആഫീസിലെ 8.09.2016-ലെ എച്ച്.എം.2326/2015 നമ്പർ കത്ത് പ്രകാരം മൂവാറ്റുപുഴ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)നെ ചുമതലപ്പെടുത്തിയിട്ടുള്ളതും ടിയാൻ 31.10.2016-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണെന്നും ടി അന്വേഷണ റിപ്പോർട്ടിന്റെയും പരാതികളുടെയും പകർപ്പുകളാണ് ഹർജിക്കാരൻ 22.3.2021-ലെ

വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടതെന്നും ആയതിന്റെ പകർപ്പുകൾ 16.6.2021 തീയതി അപേക്ഷകന് നൽകിയിട്ടുള്ളതുമാണെന്നും കൂടാതെ ടി രേഖകൾ നേരിട്ട് പരിശോധിക്കുന്നതിന് 28.06.2021–ന് ടി ആഫീസിൽ ഹാജരാകുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും തുടർന്ന് ടി രേഖകൾ പരിശോധിക്കുകയും ടിയാൻ ആവശ്യപ്പെട്ട ഫയലുകളല്ല പരിശോധിക്കുവാൻ ലഭിച്ചത് എന്ന് ചൂണ്ടിക്കാണിച്ച് 12.7.2021–ൽ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ട ഫയലുകൾ മൂവാറ്റുപുഴ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ആഫീസിലാണുള്ളതെന്നും ടി ഫയലിലെ രേഖകൾ നൽകണമെന്നുമാണ് അപ്പീൽ അപേക്ഷയിൽ പറയുന്നതെന്നും ടി അപ്പീൽ അപേക്ഷ തീർപ്പാക്കുന്നതിന് മൂവാറ്റുപുഴ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)–നോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ഹർജിക്കാരന്റെ 12.7.2021–ലെ അപ്പീൽ അപേക്ഷയിൽ പരാമർശിക്കുന്ന ഫയലുകൾ മൂവാറ്റുപുഴ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ആഫീസിലെ ഇൻവേർഡ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും കണ്ടെത്തുവാൻ സാധിച്ചിട്ടില്ല എന്ന് മൂവാറ്റുപുഴ അസിസ്റ്റന്റ് രജിസ്ട്രാർ 08.11.2021–ന് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് ടിയാന്റെ അപ്പീലിന് 1.12.2021–ന് മറുപടി നൽകിയിട്ടുള്ളതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 22.3.2021–ലെ വിവരാവകാശ അപേക്ഷയ്ക്ക് കാലതാമസം വരുത്തി 16.6.2021–ലാണ് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളത് എന്ന് കാണുന്നു. വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകാത്തത് വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പുപ്രകാരം ശിക്ഷാർഹവുമാണ്. ടി വീഴ്ചയ്ക്ക് ഉത്തരവാദിയായ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പുപ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് 25.5.2022–നകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

6. ഹർജിക്കാരന്റെ 12.7.2021–ലെ ഒന്നാം അപ്പീൽ കാലതാമസം വരുത്തി 1.12.2021–നാണ് രണ്ടാം എതിർകക്ഷി തീർപ്പാക്കിയിട്ടുള്ളതായി കാണുന്നത്.

RIGHT TO INFORMATION

സമയബന്ധിതമായി അപ്പീൽ തീർപ്പാക്കാത്തത് വിവരാവകാശ നിയമം 19(6) വകുപ്പിന്റെ ലംഘനവും കുറ്റകരവുമാകയാൽ ടി വീഴ്ച സംബന്ധിച്ച രണ്ടാം എതിർകക്ഷിയുടെ വിശദീകരണം 25.5.2022-നകം കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

7. ഹർജിക്കാരൻ ഒന്നാം അപ്പീൽ ഹർജിയിൽ ആവശ്യപ്പെട്ട വിവരം അടങ്ങിയ ഫയൽ മൂവാറ്റുപുഴ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലാണ് ലഭ്യമാവുകയെന്നും, ടി ഓഫീസിലെ ഇൻവേർഡ് രജിസ്റ്റർ പരിശോധിച്ചതിൽ ടി ഫയൽ കണ്ടെത്തുവാൻ സാധിച്ചിട്ടില്ലെന്നുമാണ് മൂവാറ്റുപുഴ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) 8.11.2021-ന് ലഭ്യമാക്കിയ ജി2/2021 നമ്പർ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളതെന്ന രണ്ടാം എതിർകക്ഷിയുടെ വാദം വിവരാവകാശ നിയമപ്രകാരം പൂർണ്ണമായും അംഗീകരിക്കത്തക്കതല്ല. ആയതിനാൽ ലഭ്യമായ രേഖകൾ നേരിട്ട് പരിശോധിക്കുന്നതിന് ഹർജിക്കാരന് എതിർകക്ഷികൾ ഒരു അവസരം കൂടി നൽകി, ടിയാൻ ആവശ്യപ്പെട്ട എൻക്വയറി റിപ്പോർട്ടുകൾ ഉൾപ്പെടെയുള്ള ഹർജിക്കാരന് ആവശ്യമായി വരുന്ന രേഖകളുടെ പകർപ്പ്, സൗജന്യമായി നൽകണമെന്നും എതിർകക്ഷികളോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2022 മേയ് 11-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി